## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2080    22.01.2014-ൽ മറുപടിയ്ക്ക്**

**ഗവൺമെന്റ് ചീഫ് വിപ്പ് തൊടുപുഴയിൽ ആക്രമിക്കപ്പെട്ട സംഭവം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) ഗവൺമെന്റ് ചീഫ് വിപ്പിനെ തൊടുപുഴയിൽ വാഹനം തടഞ്ഞുനിർത്തി ആക്രമിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ ഏത് രാഷ്ട്രീയ പാർട്ടിക്കാരാണ് ആക്രമണം നടത്തിയതെന്ന് വെളിപ്പെടുത്തുമോ ; | (ബി) യൂത്ത് കോൺഗ്രസ്സ്, കോൺഗ്രസ്സ് (ഐ) പ്രവർത്തകർ |
| സി) ആക്രമണവുമായി ബന്ധപ്പെട്ട് എത്രപേരെ അറസ്റ്റ് ചെയ്തുവെന്നും അവരുടെ പേരിൽ ഏതെല്ലാം വകുപ്പു പ്രകാരമാണ് കേസെടുത്തതെന്നും തീയതി സഹിതം വെളിപ്പെടുത്തുമോ ; ഇല്ലെങ്കിൽ കേസെടുക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ ; | (സി) ബഹു. കേരള സർക്കാർ ചീഫ് വിപ്പിനെ ആക്രമിച്ച സംഭവവുമായി ബന്ധപ്പെട്ട് 21.08.2013-ന് തൊടുപുഴ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1734/13 u/s 143, 145, 146, 147, 353, IPC & 3(i) PDPP Act r/w 149 IPC പ്രകാരം 15 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ഇതിൽ 7 പ്രതികൾ നേരിട്ട് ബഹു. കോടതിയിൽ ഹാജരായി ജാമ്യത്തിൽ പോയിട്ടുള്ളതുമാണ്. 8 പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ട്. |
| ഡി) പ്രസ്തുത ആക്രമണവുമായി ബന്ധപ്പെട്ട് അതേ പാർട്ടിയിലെ ഭാരവാഹികൾ ഉൾപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവരുടെ പേരും പാർട്ടി ഭാരവാഹിത്വവും വെളിപ്പെടുത്തുമോ ; | (ഡി) ഉണ്ട്.<br>1) നിയാസ് കൂരപ്പള്ളി, കെ.എസ്.യു. മുൻ ഇടുക്കി ജില്ലാ പ്രസിഡന്റ്. 2) ജിയോ മാത്യു, യൂത്ത് കോൺഗ്രസ്സ് ഇടുക്കി ജില്ലാ വൈസ് പ്രസിഡന്റ്. |
| ഇ) പ്രസ്തുത ആക്രമണവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ചീഫ് വിപ്പ് പരാതി നൽകിയിട്ടുണ്ടോ ; എങ്കിൽ പരാതിയുടെ പകർപ്പ് മേശപ്പുറത്തുവയ്ക്കുമോ? | (ഇ) പരാതി നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ